# <u>ജില്ലാ പോലീസ് ആസ്ഥാനത്ത് റസിഡൻസ് അസ്സോസിയേഷനുകളുടെ അപെക്സ് കമ്മറ്റി യോഗം നടത്തി</u>

പോലീസ് പൊതുജന ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, പോലീസ് സേവനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, റെസിഡൻസ് അസ്സോസിയേഷനുകളുമായി യോജിച്ച് പ്രവർത്തിച്ച് നടപ്പിലാക്കേണ്ട പദ്ധതികളെയും കുറിച്ച് ചർച്ച നടത്തുന്നതിനുമായി എറണാകുളം റൂറൽ പോലീസ് ജില്ലയിലെ റസിഡൻസ് അസ്സോസിയേഷനുകളുടെ അപെക്സ് കമ്മറ്റി യോഗം, ജില്ലാ പോലീസ് മേധാവി ശ്രീ.എ,വി ജോർജ്ജ് ഐ.പി.എസ്. അവർകളുടെ അദ്ധ്യക്ഷതയിൽ 25.11.2017 തിയതി രാവിലെ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ വെച്ച് നടന്നു.

ജില്ലയിലെ കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനും പ്രത്യേകിച്ച് മോഷണങ്ങൾ ഇല്ലാതാക്കുന്നതിനും, ട്രാഫിക് പരിഷ്ക്കാരത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിനും തീരുമാനിച്ചു. കൂടാതെ ജില്ലയിലെ പോലീസ് സ്റ്റേഷനുകൾക്ക് കീഴിലെ റസിഡൻസ് അസ്സോസിയേഷനുകളുടെ മീറ്റിംഗ് എല്ലാ മാസവും നടത്തുന്നതിനും, മീറ്റിംഗിൽ വരുന്ന പരാതികളും, നിർദ്ദേശങ്ങളും സമയബന്ധിതമായി തീർപ്പാക്കുന്നതിനും തീരുമാനിച്ചു.

ഏകദേശം 200 ഓളം പേർ പങ്കെടുത്ത മീറ്റിംഗിൽ ജില്ലാ പോലീസ് ആസ്ഥാനത്തെ അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ്, ആലുവ ഡി.വൈ.എസ്.പി കെ.ബി.പ്രഫുല്ല ചന്ദ്രൻ എന്നിവർ മീറ്റിംഗിൽ സംസാരിച്ചു.

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് ഭാരത ഭരണഘടനയുടെ ആമുഖ പ്രതിജ്ഞയും രാവിലെ 11.00 മണിക്ക് ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്നു. ജില്ലാ പോലീസ് ആസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥരും, റെസിഡൻസ് അസ്സോസിയേഷൻ അംഗങ്ങളും പ്രതിജ്ഞ ചൊല്ലി.



